# ബൂത്ത് ലെവൽ ഓഫീസർ

# ഇ-പത്രിക




*ബൈഗ ഗോത്ര സമുദായവും (പിവിറ്റിജി) ബൂത്ത് ലെവൽ ഓഫീസറും തമ്മിലുള്ള ഇടപെടലിന്റെ സർഗാത്മക ആവിഷ്കാരം

## വാല്യം 7

# എല്ലാ വിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന ഇന്ത്യൻ തിരഞ്ഞെടുപ്പുകൾ

ബൈഗ ഗോത്രവിഭാഗം പർട്ടികുലർലി വൾണറബിൾ ട്രൈബൽ ഗ്രൂപ് (PVTG) എന്ന സവിശേഷ ദുർബല ഗോത്ര വിഭാഗത്തിൽ ഉൾപ്പെടുന്നു. ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ബിഹാർ, ഒഡീഷ, പശ്ചിമ ബംഗാൾ, മധ്യ പ്രദേശ്, ഉത്തർ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലായാണ് അവർ പ്രധാനമായും അധിവസിക്കുന്നത്. പരമ്പരാഗതമായി ബൈഗ ജനത ഏറെക്കുറേ നാടോടി ജീവിതശൈലി നയിക്കുകയും അവരുടെ പ്രാഥമിക ഉപജീവനമാർഗമായി കാടു വെട്ടിത്തെളിച്ചുകത്തിച്ചുള്ള കൃഷി നടത്തുകയും ചെയ്തുപോരുന്നു. രസകരമായ ഒരു കാര്യം, പച്ചകുത്തൽ ബൈഗ സംസ്കാരത്തിന്റെ അവിഭാജ്യഘടകമാണ് എന്നതാണ്. ഒരോ പ്രായത്തിലും ഓരോ ശരീരഭാഗങ്ങളിലും ചെയ്യാനുള്ള പച്ചകുത്തൽ ആ അവസരങ്ങളിലേക്കായി കരുതിവച്ചിട്ടുണ്ട്.



## എഡിറ്റോറിയൽ കമ്മിറ്റി

**എൻ.എൻ. ബ്യൂട്ടോലിയ**
സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി
( ഇലക്ടറൽ റോൾ)

**അശോക് കുമാർ**
ഡയറക്ടർ (IT)

**കുൽദീപ് കുമാർ സഹരാവത്ത്**
ഡയറക്ടർ (ട്രെയിനിംഗ്), IIIEDM

**എസ്.സുന്ദർ രാജൻ**
ഡയറക്ടർ (EVM)

**ദീപാലി മസിർക്കർ**
ഡയറക്ടർ
(ഇലക്ഷൻ പ്ലാനിങ്)

**സന്തോഷ് അജ്മീര**
ഡയറക്ടർ (SVEEP)
മെമ്പർ കൺവീനർ

## എഡിറ്റോറിയൽ ടീം

**ആർ കെ സിംഗ്**
കോർഡിനേറ്റർ (SVEEP)

**അനുജ് ചന്ദക്**
ജോയിന്റ് ഡയറക്ടർ മീഡിയ (SVEEP)

**രജനി ഉപാധ്യായ്**
കമ്മ്യൂണിക്കേഷൻ കൺസൽറ്റന്റ്

**ഇഷാ ഖാൻ**
ഗ്രാഫിക് ഡിസൈനർ

# പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകൾ

- സുതാര്യമായി തയാറാക്കിയ വോട്ടർ പട്ടിക
- സംശുദ്ധമായ വോട്ടർ പട്ടിക
- ആരോഗ്യപരമായ വോട്ടർ പട്ടിക
- എല്ലാ വിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന വോട്ടർ പട്ടിക

## പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ ഉദ്ദേശം

- യോഗ്യരായ എല്ലാ പൗരന്മാരെയും ഒരു കാമ്പെയിൻ പോലെ വോട്ടർ പട്ടികയിൽ ചേർക്കുക.
- ചേരാനിരിക്കുന്ന വോട്ടർമാരിൽ നിന്ന് ഫോം 6 (മുൻകൂർ അപേക്ഷാ ഫോം) ശേഖരിക്കുക.
- വോട്ടർ പട്ടികയിലെ വോട്ടർ–ജനസംഖ്യ അനുപാതം സെൻസസ് അനുസരിച്ച് പ്രവചിച്ച ജനസംഖ്യയുടെ 18 വയസ്സിനു മുകളിൽ പ്രായമുള്ളവരുമായി താരതമ്യം ചെയ്യുക.
- പട്ടികയിലെ ലിംഗപദവി അനുപാതത്തെ സെൻസസ് നിർണ്ണയിച്ച പ്രൊജക്റ്റഡ് ലിംഗപദവി അനുപാതവുമായി താരതമ്യം ചെയ്യുക.
- വോട്ടു ചെയ്യാൻ അർഹതയുള്ള പ്രവാസി ഇന്ത്യക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക.
- ഫോം6, ഫോം 8 എന്നിവയിൽ വോട്ടർമാരിൽ നിന്ന് വിവരം ശേഖരിച്ച ശേഷം ഓരോ സംസ്ഥാനത്തെയും സാമൂഹിക ക്ഷേമ വകുപ്പിലെ 18 വയസും അതിൽ കൂടുതലുമുള്ള ഭിന്നശേഷിക്കാരായ വ്യക്തികളുടെ ഡാറ്റയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായ വ്യക്തി(പിഡബ്ല്യുഡി)കളെ വോട്ടർപട്ടികയിൽ അടയാളപ്പെടുത്തുക.
- പ്രാതിനിധ്യം കുറഞ്ഞ വിഭാഗങ്ങളിലെ അംഗങ്ങളുടെ എൻറോൾമെന്റ് വർദ്ധിപ്പിക്കുക. ഉദാ. സവിശേഷ ദുർബല ഗോത്ര വിഭാഗങ്ങൾ (PVTGs), ലൈംഗികത്തൊഴിലാളികൾ, ട്രാൻസ് വിഭാഗം, ഭവനരഹിതരും നാടോടികളും മുതലായവ.
- മരിച്ച വോട്ടർമാരുടെ പേരുകളും ഒന്നിലധികം എൻട്രികളുള്ള പേരുകളും നീക്കം ചെയ്തുകൊണ്ട് വോട്ടർ പട്ടികയുടെ ശുദ്ധീകരണം.

### 1

**യുവാക്കളുടെ എൻറോൾമെന്റ് (18-19 പ്രായ വിഭാഗത്തിൽ പുതുതായി യോഗ്യത നേടിയ യുവാക്കൾ ഉൾപ്പെടെ)**

സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന് മുമ്പ് കലണ്ടറിൽ യൂത്ത് വോട്ടർ ഫെസ്റ്റിവൽ ഉൾപ്പെടുത്തുക

### 2

**സ്ത്രീകളുടെ എൻറോൾമെന്റ്**

പുതുതായി വിവാഹിതരായ ഭർതൃവീട്ടിൽ താമസിക്കുന്ന സ്ത്രീകൾ, വീട്ടമ്മമാർ, നഗരപ്രദേശങ്ങളിലെ ഫാക്ടറികൾ, ചെറുകിട വ്യാവസായിക കേന്ദ്രങ്ങൾ മുതലായവയിൽ തൊഴിലാളികളായി ജോലി ചെയ്യുന്ന സ്ത്രീകൾ തുടങ്ങിയവരെ എൻറോൾ ചെയ്യുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുക.

### 3

**ഭിന്നശേഷിക്കാരായ വ്യക്തികളുടെ എൻറോൾമെന്റ്**

വോട്ടർപട്ടികയിൽ അവരുടെ രജിസ്ട്രേഷനെ സഹായിക്കുന്നതിനും സുഗമമാക്കുന്നതിനുമായി BLO രജിസ്റ്ററിൽ അവർ നേരിടുന്ന പരിമിതിയെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.

### 4

**എൻറോൾമെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രചരണ രീതികൾ**

BLO-മാർ അവരുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ SSR-മായി ബന്ധപ്പെട്ട നിർണായക വിവരങ്ങൾ/സംഭവങ്ങൾ എന്നിവ പ്രചരിപ്പിക്കണം.

സോഷ്യൽ മീഡിയയിലെ സെൽഫി കാമ്പെയിനുകളും സെൽഫി വിത്ത് BLOയും രണ്ട് സവിശേഷ സോഷ്യൽ മീഡിയ ഉദ്യമങ്ങളാണ്.

# ബൂത്ത് ലെവൽ ഓഫീസറുടെ ഇംപ്ലിമെന്റേഷൻ പദ്ധതി

- ബൂത്ത് തലത്തിൽ വിശകലനം
- വീടുതോറുമുള്ള സർവേ
- ബൂത്ത് തലത്തിൽ കുറഞ്ഞ പ്രാതിനിധ്യമുള്ള സമുദായങ്ങളെയും വിഭാഗങ്ങളെയും തിരിച്ചറിയൽ
- പേര് നീക്കം ചെയ്യുന്നതിനായി മരണപ്പെട്ട/സ്ഥലം മാറിയ/ഒന്നിലധികം തവണ പേരുള്ള വോട്ടർമാരുടെ തിരിച്ചറിയൽ
- പോളിംഗ് സ്റ്റേഷനുകളുടെ ഫിസിക്കൽ വെരിഫിക്കേഷൻ
- യുവാക്കളുടെയും സ്ത്രീകളുടെയും എൻറോൾമെന്റിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് കുറവുകൾ തിരിച്ചറിയുന്നതിനുള്ള വിശകലനം

## വീടുതോറുമുള്ള ഫീൽഡ് സർവേയുടെ പ്രാധാന്യം

- വോട്ടർ പട്ടിക എൻട്രികൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ഡാറ്റ ശേഖരണം
- ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത യോഗ്യരായ പൗരന്മാർ (01.10.2024 വരെ യോഗ്യത നേടിയവർ)
- വർഷത്തിലെ തുടർന്നുള്ള മൂന്ന് യോഗ്യതാ തീയതികളുമായി ബന്ധപ്പെട്ട് ചേരാനിരിക്കുന്ന വോട്ടർമാരുടെ മുൻകൂർ ഫോമുകളുടെ ശേഖരണം
- ഒന്നിലധികം എൻട്രികൾ, മരണപ്പെട്ട വോട്ടർമാർ, സ്ഥിരമായി താമസം മാറിയ വോട്ടർമാർ എന്നിവ നീക്കം ചെയ്യൽ







ബിഎൽഒ വീടുതോറും സർവേ നടത്തുന്നതിന്റെ ദൃശ്യങ്ങൾ

# ബൂത്ത് ലെവൽ ഓഫീസർ ശ്രദ്ധിക്കേണ്ടവ




- വോട്ടർ ഹെൽപ്പ്ലൈൻ ആപ്പ്, സക്ഷം ആപ്പ്, വോട്ടർ സർവീസ് പോർട്ടൽ, ഹെൽപ്പ് ലൈൻ നമ്പർ 1950 എന്നിങ്ങനെ വിവിധ ആപ്പുകളുടെ ജനകീയവൽക്കരണം, പൊതുജനങ്ങളിൽ വിശ്വാസബോധം വളർത്തുന്നതിനായി ആപ്പിൽ നേരിട്ട് വിവരങ്ങൾ പൂരിപ്പിക്കുന്നതിന് BLO ആപ്പ് ഉപയോഗിക്കുക എന്നിവ
- വോട്ടർമാർക്ക് ഒരു വഴികാട്ടിയാകുകയും തിരഞ്ഞെടുപ്പ് ആനന്ദകരമായ അനുഭവമാണെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക
- രാഷ്ട്രീയ പാർട്ടികൾ നിയമിക്കുന്ന ബൂത്ത് ലെവൽ ഏജന്റുമാരുമായുള്ള ഏകോപനം
- വോട്ടർമാരുമായി ബന്ധപ്പെടാനുള്ള ആദ്യ പോയിന്റ് ബിഎൽഒമാരായതിനാൽ വോട്ടർമാരുമായി സൗഹാർദമായി പെരുമാറുക

# എസ്എസ്ആർ സമയത്തെ പ്രവർത്തനങ്ങൾ

വോട്ടർപട്ടികയുടെ അന്തിമ പുനപരിശോധനയ്ക്ക് രണ്ട് ഘട്ടങ്ങളുണ്ട്: പുനപരിശോധനയ്ക്കു മുമ്പുള്ള പ്രവർത്തനങ്ങളും പുനപരിശോധന പ്രവർത്തനങ്ങളും.

## പുനപരിശോധനയ്ക്കു മുമ്പുള്ള പ്രവർത്തനങ്ങൾ

- പോളിംഗ് സ്റ്റേഷനുകളുടെ റേഷണലൈസേഷൻ/ പുനക്രമീകരണം സംബന്ധിച്ച നിർദ്ദേശം.
- വീടുതോറുമുള്ള (ഹൗസ് ടു ഹൗസ് H2H) വേരിഫിക്കേഷൻ



ബിഎൽഒ നടത്തുന്ന പ്രവർത്തനങ്ങളുടെ ദൃശ്യങ്ങൾ

പ്രധാനപ്പെട്ടത്: സമഗ്രമായ നിലവാരമുള്ള വോട്ടർപട്ടികകൾ നിർമ്മിക്കുന്നതിനായി പുനപരിശോധനയ്ക്കു മുമ്പുള്ള പ്രവർത്തനങ്ങൾക്ക് തുല്യമായ പ്രാധാന്യം നൽകണം.

# പോളിംഗ് സ്റ്റേഷന്റെ റേഷണലൈസേഷൻ നടത്തുമ്പോൾ ഇവ മറക്കരുത്

- പോളിംഗ് സ്റ്റേഷനായി നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളുടെയും നിർദിഷ്ട വോട്ടർ പട്ടികയുടെയും 100% നേരിട്ടുള്ള പരിശോധന
- വോട്ടെടുപ്പ് കേന്ദ്രത്തിന്റെ ചിത്രങ്ങളും ലൊക്കേഷൻ വിവരങ്ങളും ഒപ്പം അക്ഷാംശവും രേഖാംശവും ബിഎൽഒ ആപ്പിൽ അപ്ലോഡ് ചെയ്യുമ്പോൾ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ തന്നെ ഉപയോഗിക്കുക
- ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും, അടുത്ത വീടുകളിൽ താമസിക്കുന്നവർ തുടങ്ങിയവരെ ഒരുമിച്ച് ഒരു ഗ്രൂപ്പായി പട്ടികപ്പെടുത്തുക, വോട്ടർ പട്ടികയിലും EPICലും ഉള്ള മേൽവിലാസം ഒന്നാണെന്ന് ഉറപ്പുവരുത്തുക എന്നിവ പോളിംഗ് സ്റ്റേഷ്ൻ റേഷണലൈസേഷന്റെ രണ്ട് അധിക ലക്ഷ്യങ്ങളാണ്

## ഓരോ ബിഎൽഒയും പുനപരിശോധനയ്ക്ക് മുമ്പുള്ള പ്രവർത്തനങ്ങളുടെ ഇനിപ്പറയുന്ന ചെക്ക് ലിസ്റ്റ് നിലനിർത്തുമെന്ന് പ്രതിജ്ഞയെടുക്കണം:

- വോട്ടർ പട്ടികയിൽ കുടുംബാംഗങ്ങൾ വേർതിരിഞ്ഞു ചിതറിക്കിടക്കുന്നില്ല, രജിസ്റ്റർ ചെയ്ത എല്ലാ കുടുംബാംഗങ്ങളെയും വോട്ടർ പട്ടികയിൽ ഒരേ വിഭാഗത്തിലും ഒരേ ഭാഗത്തും ആയാണ് ചേർത്തിരിക്കുന്നത്
- ശരിയായ വീട്ടുനമ്പറുകളെ പ്രതിനിധീകരിക്കുന്നതിന് വിവിധ വിഭാഗങ്ങളുടെയും ഭാഗങ്ങളുടെയും ഉചിതമായ പട്ടികപ്പെടുത്തലും പുനപരിശോധനയും
- വിട്ടുപോയ/ ചേരാനിരിക്കുന്ന വോട്ടർമാരെ ചേർക്കുന്നതിനായുള്ള ഫോമുകളുടെ ശേഖരണം
- BLO ആപ്പ് ഉപയോഗിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് ബൂത്തുകളുടെ ശരിയായ ചിത്രങ്ങളുടെ നല്ല നിലവാരം
- ഒന്നിലധികം തവണ പേരു ചേർക്കപ്പെട്ടവർ, മരണപ്പെട്ട വോട്ടർമാർ, സ്ഥിരമായി താമസം മാറിയ വോട്ടർമാർ എന്നിവരെ 100% നീക്കം ചെയ്തു



# പുനപരിശോധന പ്രവർത്തനങ്ങൾ

## വോട്ടർ പട്ടികയിൽ നിന്ന് തെറ്റായി പേര് നീക്കം ചെയ്യപ്പെടുന്നതിനെതിരെ ഉള്ള സംരക്ഷണം/ചെക് ലിസ്റ്റ്

- രജിസ്റ്റർ ചെയ്യപ്പെട്ട മരണമാണെങ്കിൽ, മരണ സർട്ടിഫിക്കറ്റ് സഹിതം ഫോറം 7 ഹാജരാക്കിയതിന് ശേഷം മാത്രമേ പേര് നീക്കം ചെയ്യാവൂ.
- തെറ്റായ നീക്കം ചെയ്യലുകൾ ഒഴിവാക്കാൻ, കുടുംബാംഗങ്ങളിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ഉള്ള അറിയിപ്പോ ബിഎൽഒയുടെ റിപ്പോർട്ടോ ആവശ്യമാണ്. ഫോറം7 ലഭിച്ചാലേ വോട്ടർ മരണപ്പെട്ടതു കാരണമുള്ള നീക്കം ചെയ്യലുകൾ നടത്തൂ.
- ഫീൽഡ് വെരിഫിക്കേഷൻ നടത്തുമ്പോൾ, സാഹചര്യത്തിനനുസരിച്ച് മരണത്തിന്റെയോ താമസമാറ്റത്തിന്റെയോ അവസ്ഥയെക്കുറിച്ച് റിപ്പോർട്ടിൽ നിർദ്ദിഷ്ട പരാമർശങ്ങൾ ചേർക്കുക.
- പേര് നീക്കം ചെയ്യുന്നതിന് ബിഎൽഒ റിപ്പോർട്ട് ആവശ്യമായി വരും, അതിനാൽ കൃത്യമായി റിപ്പോർട്ടുചെയ്യാൻ ജാഗ്രത പാലിക്കണം.
- ഫോം7 ഇല്ലാതെയും സ്ഥിരീകരണത്തിന്റെ കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെയും പേര് നീക്കം ചെയ്യില്ല.

| നം. | പുനപരിശോധന പ്രവർത്തനങ്ങൾ | കാലഘട്ടം |
|---|---|---|
| 1 | പ്രത്യേക കാമ്പെയിൻ തിയതികൾ | ക്ലെയിമുകളും പരാതികളും നൽകാനുള്ള സമയത്തിനകത്ത് വരുന്ന രണ്ട് ശനിയാഴ്ച്ചയും ഞായറാഴ്ച്ചയും (സിഇഒ തീരുമാനിക്കേണ്ടത്) |

**പ്രധാനപ്പെട്ടത്: ബിഎൽഒക്ക് നിയുക്ത സ്ഥലങ്ങളിൽ എസ്എസ്ആറിന്റെ പ്രചരണത്തിനുള്ള ബാനറുകൾ സ്ഥാപിക്കാനും സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ രൂപീകരിക്കാനും അനുമതിയുണ്ട്.**

## ക്ലെയിമുകൾക്കും പരാതികൾക്കുമായി ഓർക്കേണ്ട ഫോമുകൾ

**ഫോം 6**

പുതിയ വോട്ടർക്കുള്ള അപേക്ഷാ ഫോം

**ഫോം 6എ**

പ്രവാസി വോട്ടർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള അപേക്ഷാ ഫോം

**ഫോം 6ബി**

വോട്ടർ പട്ടികയുടെ ആധികാരികത ഉറപ്പാക്കുന്നതിന് ആധാർ നമ്പറിന്റെ വിവരങ്ങൾ നൽകുന്നതിനുള്ള കത്ത് (ഓപ്ഷണൽ)

**ഫോം 7**

നിലവിലുള്ള വോട്ടർ പട്ടികയിൽ നിർദ്ദിഷ്ട പേരുകൾ ഉൾപ്പെടുത്തുന്നതിന്/ നീക്കം ചെയ്യുന്നതിന് ഉള്ള എതിർപ്പ് അറിയിക്കാനുള്ള അപേക്ഷാ ഫോം

**ഫോം 8**

നിയോജക മണ്ഡലത്തിനകത്തും പുറത്തും മേൽവിലാസം മാറ്റുന്നതിനുള്ള അപേക്ഷാ ഫോം

നിലവിലുള്ള വോട്ടർ പട്ടികയിലെ എൻട്രികളുടെ തിരുത്തൽ

EPIC മാറ്റി ലഭിക്കുന്നതിനുള്ള അപേക്ഷ

ഭിന്നശേഷി വോട്ടറായി അടയാളപ്പെടുത്താനുള്ള അപേക്ഷ

# താഴെത്തട്ടിൽ നിന്നുള്ള കഥ

***അംഗൻവാടി വർക്കറായ ശ്രീമതി ശാന്തി യാദവ് ഛത്തീസ്ഗഡിലെ 56 സിഹാവ നിയമസഭ മണ്ഡലം ബൂത്ത് 45ന്റെ ബിഎൽഒ ആയി സേവനമനുഷ്ഠിച്ചുവരുന്നു.***

**തിരഞ്ഞെടുപ്പ് ജോലികളുമായി ബന്ധപ്പെട്ട തന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ അവർ BLO ആപ്പ് ഉപയോഗിക്കുന്നുണ്ട്. എല്ലാ വീടുകളിലും സമഗ്രമായ ഒരു സർവേ നടത്തി അവർ 18-19 വയസ് പ്രായമുള്ള വ്യക്തികളിൽ നിന്ന് പുതിയ ഫോം 6 അപേക്ഷകൾ ശേഖരിച്ചു.**

**അവർക്ക് ആകെ 13 ഫോറം 6 സമർപ്പണങ്ങൾ ലഭിച്ചു, കൂടാതെ 17 ഭിന്നശേഷിക്കാരെ കണ്ടെത്തി വോട്ടർ പട്ടികയിൽ അടയാളപ്പെടുത്തി. 1234 വോട്ടർമാരാണ് ബൂത്തിൽ ഉള്ളത്. അവരുടെ ഉത്തരവാദിത്ത മേഖലയുടെ ചില ഭാഗങ്ങൾ ഗോത്രവിഭാഗങ്ങൾ ഉൾപ്പെടുന്നതും നെറ്റ്വർക്ക് കണക്റ്റിവിറ്റി വെല്ലുവിളികൾ നേരിടുകയും ചെയ്യുന്നതാണ്.**

**എന്നിരുന്നാലും, BLO ആപ്പിന്റെ ഉപയോക്തൃസൗഹൃദവും കൃത്യതയുള്ളതുമായ സ്വഭാവം അവർ ക്രമേണ മനസ്സിലാക്കിയെടുത്തു. ഇത് പുതിയ വോട്ടർമാരെ രജിസ്റ്റർ ചെയ്യുന്ന പ്രക്രിയയെ കാര്യക്ഷമമാക്കി. 2023 ഓഗസ്റ്റ് 25ന് ഛത്തീസ്ഗഡിലെ റായ്പൂരിൽ നടന്ന സംസ്ഥാനതല വോട്ടർ ഫെസ്റ്റിവൽ 2023ൽ കമ്മീഷൻ 'മികച്ച ബിഎൽഒ' ആയി ആദരിച്ചതിൽ അവർ അഭിമാനിക്കുന്നു.**



കമ്മീഷന്റെ 'മികച്ച ബിഎൽഒ' പുരസ്കാരം സ്വീകരിക്കുന്ന ശ്രീമതി ശാന്തി യാദവ്



ശ്രീമതി ശാന്തി യാദവ് കൃത്യനിർവഹണത്തിനിടെ



ശ്രീമതി ശാന്തി യാദവ് ബൂത്തിന് മുന്നിൽ





ബിഎൽഒ ചുമതലകൾ നിർവഹിക്കുന്ന ശ്രീമതി സമിത ഗോസ്വാമി



കമ്മീഷന്റെ 'മികച്ച ബിഎൽഒ' പുരസ്കാരം സ്വീകരിക്കുന്ന ശ്രീമതി സമിത ഗോസ്വാമി

***ശ്രീമതി സമിത ഗോസ്വാമി ഛത്തീസ്ഗഢിലെ മുംഗേലി ജില്ലയിൽ ലോർമി നിയോജക മണ്ഡലത്തിൽ 255ആം നമ്പർ പോളിംഗ് സ്റ്റേഷനിൽ ബിഎൽഒ ആയി സേവനം അനുഷ്ഠിക്കുന്നു.***

വനിതാ ശിശുവികസന വകുപ്പിൽ അംഗൻവാടി വർക്കറായും കഴിഞ്ഞ 15 വർഷമായി ബിഎൽഒ ആയും അവർ ജോലി ചെയ്യുന്നു. അവർ തന്റെ പോളിംഗ് സെന്റർ മേഖലയിൽ വീടുതോറുമുള്ള സന്ദർശനങ്ങൾ നടത്തുകയും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സജീവമായി പങ്കെടുക്കാൻ വോട്ടർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമങ്ങളിൽ അധിക ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു.

അവർ ഉച്ചഭാഷിണിയിലൂടെ അറിയിപ്പുകൾ നടത്തുകയും പൊതുജനങ്ങളോട് പേര് രജിസ്റ്റർ ചെയ്യാൻ അഭ്യർത്ഥിക്കുന്നതിനായി വീടുകൾ സന്ദർശിക്കുകയും ചെയ്തു. എല്ലാ ഫോമുകളും വിജയകരമായി ഡിജിറ്റൈസ് ചെയ്യുകയും ഷെഡ്യൂളിന് മുമ്പായി എല്ലാ ജോലികളും പൂർത്തിയാക്കുകയും ചെയ്തു. അവരുടെ നേട്ടങ്ങൾ പരിഗണിച്ച് 2023 ഓഗസ്റ്റ് 25ന് ഛത്തീസ്ഗഡിലെ റായ്പൂരിൽ നടന്ന സംസ്ഥാനതല വോട്ടർ ഫെസ്റ്റിവൽ 2023ൽ തിരഞ്ഞെടുപ്പ് കമ്മീഷൻ അവരെ ആദരിച്ചു.




# ബാത്തോം ബാത്തോം മേം

## ബൂത്ത് ലെവൽ ഓഫീസറുമായി അൽപ്പനേരം



*ബ്രിജ് ഗോപാൽ ചതുർവേദി ഒരു പ്രൈമറി സ്കൂൾ അധ്യാപകനാണ്, കൂടാതെ മധ്യപ്രദേശിലെ ടികാംഗഡ് തെഹ്സിലിലെ ന്യൂ ബസ്തിയിൽ സ്ഥിതി ചെയ്യുന്ന അംഗൻവാടി കേന്ദ്രം 13ന്റെ ബിഎൽഒ ആയും പ്രവർത്തിക്കുന്നു.*

ബിഎൽഒ എന്ന നിലയിലുള്ള എന്റെ റോളിനെ ഞാൻ ലക്ഷ്യബോധത്തോടെയാണ് സമീപിക്കുന്നത്. എന്റെ ഉത്തരവാദിത്തങ്ങൾ സവിശേഷമായി നിർവഹിക്കാനാണ് ലക്ഷ്യമിടുന്നത്. എന്റെ നിയോജക മണ്ഡലത്തിലെ വോട്ടർമാരുമായി ക്രിയാത്മകമായി സംവദിച്ചുകൊണ്ട് അവരെ പ്രചോദിപ്പിക്കാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. സംഗീതത്തോടും ആലാപനത്തോടുമുള്ള എന്റെ താൽപര്യം കണക്കിലെടുത്ത് വോട്ടർമാരെ പ്രധാന വിവരങ്ങൾ അറിയിക്കാൻ ഞാൻ സംഗീതത്തിന്റെ വഴി ഉപയോഗിക്കുന്നു. വോട്ടർമാരുമായി ഇടപഴകാൻ മാത്രമല്ല, അവരെ ബോധവൽക്കരിക്കാനുമുള്ള പാട്ടുകൾ ഞാൻ രചിക്കുകയും പാടുകയും ചെയ്യാറുണ്ട്. ഈ സമീപനം എന്റെ കർത്തവ്യങ്ങളുടെ വിജയത്തിന് കാര്യമായ സംഭാവന നൽകുകയും വോട്ടർമാർക്കിടയിൽ എന്റെ ജനപ്രീതി ഉയർത്തുകയും ചെയ്തു. ഗൃഹസന്ദർശന വേളയിൽ എന്നെ ബഹുമാനത്തോടെയും സഹകരണമനോഭാവത്തോടെയുമാണ് അവർ സ്വീകരിക്കുന്നത്. പുതിയ വോട്ടർമാരെ ചേർക്കൽ, മരിച്ച വ്യക്തികളുടെ പേരുകൾ നീക്കം ചെയ്യൽ, ഹാജരാകാത്ത വോട്ടർമാരുടെ വിവരങ്ങൾ പരിഷ്കരിക്കൽ എന്നിവ ഉൾപ്പെടുന്ന എന്റെ ബിഎൽഒ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് എന്റെ വേറിട്ട സമീപനം എന്നെ സഹായിക്കുന്നു. ഈ പ്രോത്സാഹനകരമായ അന്തരീക്ഷം എന്റെ ബൂത്തിലെ വോട്ടർ പട്ടിക കൃത്യവും പിശകുകളില്ലാതെയും നിലനിർത്താൻ എന്നെ പ്രാപ്തനാക്കുന്നു.



ഭോപാലിൽ 05.09.23ന് കമ്മീഷൻ ആദരിക്കുന്നു







# ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ

## ഭാരത രത്ന ജേതാവ്

# സച്ചിൻ രമേശ് ടെൻഡുൽക്കറെ

# നാഷണൽ ഐക്കണായി

## പ്രഖ്യാപിച്ചു